## മഹാത്മാഗാന്ധി സർവ്വകലാശാല

നം.എ.ഡി.എ1-1-197/2017 തീയതി: 18.08.2017

## സർക്കുലർ

വിഷയം: ജീവനക്കാര്യം - അസിസ്റ്റൻറ് തസ്തികയിലേയ്ക്കുള്ള അന്തർ സർവ്വകലാശാല സ്ഥലം മാറ്റം - ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 13.07.2017 ലെ ശ്രീമതി റീനാ വേണുഗോപാൽ സമർപ്പിച്ച റിട്ട് ഹർജിയിന്മേലുള്ള (WPC No.21469/2017) വിധിന്യായം - സംബന്ധിച്ച്

സൂചന: 1. സർക്കുലർ നമ്പർ എ.ഡി.എ1-1/197/2017 തീയതി 16.05.2017
2. സർക്കുലർ നമ്പർ എ.ഡി.എ1-1/197/2017 തീയതി 19.06.2017
3. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 13.07.2017 ലെ 21469/2017 റിട്ട് ഹർജിയിന്മേലുള്ള വിധിന്യായം

സൂചന (1) സർക്കുലർ പ്രകാരം കേരളത്തിലെ വിവിധ സർവ്വകലാശാലകളിലേയ്ക്ക് അന്തർ സർവ്വകലാശാല സ്ഥലം മാറ്റം മുഖേന അസിസ്റ്റൻറ് തസ്തികയിലേയ്ക്ക് രൂപ 27,800-59400 ശമ്പള സ്കെയിലിൽ സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ സൂചന (2) ലെ താൽക്കാലിക സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇതിനിടെ ബഹു. കേരള ഹൈക്കോടതിയിൽ ശ്രീമതി റീനാ വേണുഗോപാൽ സമർപ്പിച്ച ഹർജിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരിക്ക് അന്തർ സർവ്വകലാശാല സ്ഥലം മാറ്റം നടപ്പിലാക്കുമ്പോൾ ടിയാൾ സമർപ്പിച്ച Exhibit P11 - P15 സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി ഔട്ട് ഓഫ് ടേൺ ട്രാൻസ്ഫർ പരിഗണിക്കണമെന്നും ആവശ്യമെങ്കിൽ സമാനതരത്തിലുള്ള മറ്റുള്ളവരുടെ അപേക്ഷകളും പരിഗണിക്കണമെന്നും ബഹു. ഹൈക്കോടതി സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീമതി റീനാ വേണുഗോപാലിനെ കൂടാതെ ഹൈക്കോടതി ഉത്തരവിൻെറ പരിധിയിൽ വരുന്ന മറ്റു ജീവനക്കാർ ആരെങ്കിലുമുണ്ടെങ്കിൽ പരഗണനക്കായി തങ്ങളുടെ അപേക്ഷകൾ 23.08.2017 വൈകുന്നേരം 3 മണിക്ക് മുൻപായി എ.ഡി.എ1 സെക്ഷനിൽ നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നിലവിൽ അപേക്ഷകൾ സമർപ്പിച്ചവർ വീണ്ടും നൽകേണ്ടതില്ല.

രജിസ്ട്രാർ

പകർപ്പ്:

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്
3. രജിസ്ട്രാറുടെ/കൺട്രോളർ ഓഫ് എക്സാമിനേഷൻസിൻെറ/ ഫിനാൻസ് ഓഫീസറുടെ പി.എ. മാർ
4. എല്ലാ അസിസ്റ്റൻറ് രജിസ്ടാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർമാർ
5. അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി. സെക്ഷൻ
7. പബ്ലിക് റിലേഷൻസ് ഓഫീസർ
8. നോട്ടീസ് ബോർഡ്